## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4229 | 24/10/16-ൽ മറുപടിക്ക്

### ഫയർ സ്റ്റേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) | |
| എ) | ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | പ്രദേശത്തെ ജനസാന്ദ്രത, റെസ്-പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണപ്രദേശങ്ങളിൽ 5 മിനിറ്റും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് മാനദണ്ഡമാക്കാറുണ്ട്. കൂടാതെ അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും പരിഗണിക്കാറുണ്ട്. |
| ബി) | ഒരു മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ എന്ന നിലയിലുള്ള നയം രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ഫയർ സ്റ്റേഷൻ പ്രവർത്തനങ്ങളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | ഫയർ & റെസ്ക്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2016-17 സാമ്പത്തിക വർഷം 38.56 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ കെട്ടിടങ്ങളുടെയും ഫാമിലി ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ ചെലവിലേക്കായി ഒരു കോടി രൂപ 2016-17ലെ പുതുക്കിയ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ